**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1110** **02.03.2017 ൽ മറുപടിയ്ക്ക്**

**<u>ഏനാത്ത് ബെയ് ലി പാലം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീമതിഅയിഷാ പോറ്റി** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഏനാത്ത് ബെയ് ലി പാലം സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) ഏനാത്ത് ബെയ്‌ലി പാലം നിർമ്മിക്കുന്നതിനായി 09.02.2017 ലും, 10.02.2017 ലും, 17.02.2017ലും സൈന്യം ഏനാത്ത് സ്ഥലം സന്ദർശനം നടത്തുകയും ഏനാത്ത് ബെയ്‌ലി പാലത്തിനാവശ്യമായ അബട്ട്മെന്റുകളും അപ്രോച്ച് റോഡുകളും കെ.എസ്.ടി.പി (പി.ഡബ്ല്യു.ഡി) നിർമ്മിച്ച് നൽകണമെന്ന് ആവശ്യപ്പെടുകയുണ്ടായി. സൈന്യത്തിന്റെ നിർദ്ദേശമനുസരിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. താമസംവിനാ ഈ നിർമ്മാണങ്ങൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) ബെയ്‌ലി പാലം സ്ഥാപിക്കുന്നതിനുള്ള ആവശ്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയത് എന്നാണെന്ന് വ്യക്ത മാക്കാമോ; | (ബി) 07.02.2017 ലെ 155/M (PWD &R) നം.കത്ത് പ്രകാരം വകുപ്പ് മന്ത്രി കേന്ദ്രമന്ത്രിയ്ക്ക് കത്തയച്ചു. കോപ്പി ശ്രീ.കൊടിക്കുന്നിൽ സുരേഷ്.എം.പിയ്ക്ക് അയച്ചു. |
| (സി) ബെയ്‌ലി പാലം സ്ഥാപിക്കുന്നതിനായി പാർലമെന്റ് അംഗങ്ങൾ സംസ്ഥാന സർക്കാരുമായി ചേർന്ന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദ മാക്കാമോ? | (സി) ശ്രീ.കൊടിക്കുന്നിൽ സുരേഷ്.എം.പി വകുപ്പ് മന്ത്രി അയച്ച കത്തുമായി കേന്ദ്ര മന്ത്രിയെ കണ്ടു. പണി ഉടങ്ങുവാൻ സഹായിക്കണം എന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**